കൺട്രോൾ ബോർഡിന്റെ അംഗീകാരം കൂടാതെ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അധികാരമില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് സെക്ഷൻ 24 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ശേഖരിക്കുകയും ആയത് ബോർഡ് പരിശോധിച്ച് അംഗീകാരം നൽകുവാൻ അർഹതയില്ലാത്തതാണെങ്കിൽ അടച്ചുപൂട്ടുന്നതിന് നിർദ്ദേശം നൽകുകയും ഈ വിവരം ജില്ലാ കളക്ടർക്ക് നൽകുകയും കളക്ടറുടെ നിർദ്ദേശപ്രകാരം അടച്ചുപൂട്ടുകയും ചെയ്തുവരുന്നു. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണ്.

ബാലമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

235 (7534) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ ആഫീസുകളിൽനിന്നും ശിപാർശകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അന്തേവാസികളുടെ വർദ്ധനവനുസരിച്ച് മെച്ചപ്പെടുത്തുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) അന്തേവാസികളുടെ വർദ്ധനവനുസരിച്ച് സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ ഓഫീസുകളിൽ നിന്നുള്ള അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടികൾക്കുള്ള ക്ഷേമസ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 22 പ്രൊപ്പോസലുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ വിവിധ ബാലമന്ദിരങ്ങളിൽ നിന്നും സമർപ്പിച്ച 8 പ്രൊപ്പോസലുകളിൽ 4 എണ്ണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ബാലനീതി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള 78 ക്ഷേമ സ്ഥാപനങ്ങളുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 710 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly